# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 2446 — 06.12.2018 ലെ മറുപടിയ്ക്ക്

<u>ചട്ടഞ്ചാൽ സബ്ട്രഷറി കെട്ടിടം</u>

**ചോദ്യം** — **ഉത്തരം**

ശ്രീ.കെ.കുഞ്ഞിരാമൻ

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ്ട്രഷറി വാടക കെട്ടിടത്തിൽ എത്ര വർഷമായി പ്രവർത്തിക്കുന്നു; വിശദാംശങ്ങൾ അറിയിക്കാമോ; | | ചട്ടഞ്ചാൽ സബ്ട്രഷറി 19 വർഷമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 06/11/1999 മുതലാണ് ട്രഷറി പ്രവർത്തനം തുടങ്ങിയത്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ട് എത്ര വർഷമായി; വിശദാംശങ്ങൾ അറിയിക്കാമോ; | | ചട്ടഞ്ചാൽ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 23/10/2013 ലെ സ.ഉ.(കൈ) നം.463/2013/റവന്യൂ പ്രകാരം സ്ഥലം ലഭ്യമായിട്ട് നാല് വർഷം കഴിഞ്ഞു. പ്രസ്തുത സ്ഥലത്തിന്റെ കൈവശാവകാശം കാസറഗോഡ് ജില്ലാ ട്രഷറി ഓഫീസർക്ക് 15/01/2014 ലാണ് കൈമാറികിട്ടിയത്. |
| (സി) | പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | ചട്ടഞ്ചാൽ സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സ.ഉ.(സാധാ) 4469/2018/ധന തീയതി 24/05/18 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ട്രഷറി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള 2,06,13,670/- രൂപയുടെ ഡി.പി.ആർ, നിർവ്വഹണ ഏജൻസിയായ ഇൻകൽ ലിമിറ്റഡ് സമർപ്പിച്ചിരുന്നു. ആയതിന്റെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതുസംബന്ധിച്ച് സ.ഉ.(പി) 118/2018/ധന തീയതി 03/09/18 പ്രകാരം രൂപീകരിച്ച സാങ്കേതിക കമ്മിറ്റിയുടെ അനുമതിയ്ക്ക് |

| | | | |
|---|---|---|---|
| | | | വിധേയമായി ചട്ടഞ്ചാൽ സബ്ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ